**മധുരമായ കുട്ടികളേ, സദാ സ്വയത്തെ രാജഋഷിയാണെന്ന് മനസ്സിലാക്കി നടക്കുകയാണെങ്കില്‍ നിങ്ങളുടെ ഓരോ ദിവസവും വളരെ സുഖകരമായിരിക്കും, മായയുടെ പ്രഭാവത്തില്‍ നിന്ന് മുക്തമായിരിക്കും.**

**ചോദ്യം:-** നിങ്ങള്‍ക്കിപ്പോള്‍ ഏതൊരവസരമാണ് ലഭിച്ചിരിക്കുന്നത്, ഇത് പിന്നീടൊരിക്കലുമുണ്ടാകുകയില്ല?
**ഉത്തരം:-** ഇപ്പോള്‍ കറച്ചു സമയം മാത്രമേ ബാക്കിയുള്ളൂ, ഇതില്‍ നിങ്ങള്‍ക്ക് പുരുഷാര്‍ത്ഥം ചെയ്ത് പഠനത്തിലൂടെ ഉയര്‍ന്ന പദവി നേടാന്‍ സാധിക്കും, പിന്നീട് ഈ അവസരം ഒരിക്കലും ലഭിക്കുകയില്ല. ഈ ജീവിതം വളരെ ദുര്‍ലഭമാണ് അതുകൊണ്ട് ഒരിക്കലും ഇങ്ങിനെ ചിന്ത വരരുത് വേഗം മരണമടഞ്ഞാല്‍ അത്രയും നല്ലത് എന്ന്. ഈ ചിന്ത അവര്‍ക്കാണ് വരുന്നത് ആരെയാണോ മായ ശല്യപ്പെടുത്തുന്നത് അഥവാ ആര്‍ക്കാണോ കര്‍മ്മക്കണക്കുകളുള്ളത്. നിങ്ങള്‍ക്ക് ബാബയുടെ ഓര്‍മ്മയിലൂടെ മായാജീത്തായി മാറണം.

**ഗീതം:-** ക്ഷമയോടെ കഴിയൂ മനുഷ്യാ.....

**ഓം ശാന്തി**. കുട്ടികള്‍ പാട്ടു കേട്ടു. ആര് പറഞ്ഞു, ആര് കേട്ടു? പരിധിയില്ലാത്ത അച്ഛന്‍ പറയുകയും എല്ലാ സെന്‍ററുകളിലുമുള്ള കുട്ടികള്‍ കേള്‍ക്കുകയും ചെയ്തു. നോക്കൂ, ബാബയുടെ ബുദ്ധിയോഗം എല്ലാ കുട്ടികളെക്കുറിച്ചുമാണ്. എല്ലാ സെന്‍ററുകളിലേയും ആരാണോ ബ്രാഹ്മണകുലഭൂഷണരായിട്ടുള്ളത് അഥവാ സ്വദര്‍ശന ചക്രധാരികളായിട്ടുള്ളത് അഥവാ രാജഋഷി കുട്ടികളുള്ളത് ആ കുട്ടികള്‍ക്ക് ഇതും സ്മൃതിയിലുണ്ടായിരിക്കേണ്ടതാണ് നാം രാജഋഷികളാണ്. സദാ സുഖമുണ്ടായിരുന്ന രാജ്യത്തിലെ രാജപദവിക്കുവേണ്ടി പുരുഷാര്‍ത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. കലിയുഗത്തിലാണെങ്കില്‍ ദുഃഖത്തിന്‍റെ നാളുകള്‍ കഴിയുന്നേയില്ല. നിങ്ങളാരാണോ രാജഋഷിമാര്‍, നിങ്ങളുടെ ഒരോ ദിവസവും സുഖത്തിന്‍റേതായിരിക്കേണ്ടതാണ്, ആര് സ്വയം രാജഋഷിയാണെന്ന് മനസ്സിലാക്കുകയും അതില്‍ ഉറച്ച നിശ്ചയത്തോടെ ഇരിക്കുകയും ചെയ്യുന്നത്. അഥവാ, ഇടക്കിടെ മറക്കുകയാണെങ്കില്‍ മായയുടെ വളരെ ആക്രമണമുണ്ടായിരിക്കും. കുട്ടികള്‍ക്കറിയാം നാം രാജയോഗം പഠിച്ച് ബാബയില്‍ നിന്ന് സദാ സുഖത്തിന്‍റെ സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ് അഥവാ നരനില്‍ നിന്ന് നാരായണനായിക്കൊണ്ടിരിക്കുകയാണെന്ന്. ഇത് ബാബക്കല്ലാതെ മറ്റാര്‍ക്കും നല്‍കാന്‍ സാധിക്കില്ല. പരമപിതാ പരമാത്മാവെന്നു പറയുമ്പോള്‍ ഒരു സാകാരശരീരധാരിയിലോ ആകാര ശരീരധാരിയിലോ ബുദ്ധി പോകില്ല, നിരാകാര ബാബയെയാണ് ഓര്‍മ്മിക്കുന്നത്. ബാബ ധൈര്യം നല്‍കുകയാണ്, കുട്ടികളേ ഇനി കുറച്ച് ദിവസങ്ങള്‍ കൂടിയേയുള്ളൂ. ഈ കലിയുഗീ നരകം സ്വര്‍ഗ്ഗമായി പരിവര്‍ത്തനപ്പെടാന്‍ പോകുകയാണ്. സ്വര്‍ഗ്ഗത്തിന്‍റെ സ്ഥാപനയും നരകത്തിന്‍റെ വിനാശവും പാടപ്പെട്ടിട്ടുള്ളതാണ്. ഭഗവാന്‍ സ്വയമിരുന്ന് രാജയോഗം പഠിപ്പിക്കുകയാണ്. ഒരു മനുഷ്യനും, സ്വര്‍ഗ്ഗത്തിലെയാകട്ടെ നരകത്തിലെയാകട്ടെ, രാജയോഗം പഠിപ്പിക്കാന്‍ സാധിക്കില്ല. കുട്ടികള്‍ക്കറിയാം നാം ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണകുലഭൂഷണര്‍ തന്നെയാണ് സ്വദര്‍ശനചക്രധാരികള്‍. നാം ആത്മാക്കള്‍ക്ക് സൃഷ്ടി ചക്രത്തിന്‍റെ ജ്ഞാനമുണ്ട്. ദേവതകള്‍ക്ക് ഈ ജ്ഞാനമില്ല. എന്തുകൊണ്ടാണ് സ്വദര്‍ശനചക്രം വിഷ്ണുവിനും കൃഷ്ണനും കൊടുത്തിരിക്കുന്നത്? കാരണം നിങ്ങള്‍ ബ്രാഹ്മണര്‍ ഇപ്പോള്‍ സമ്പൂര്‍ണ്ണമായിട്ടില്ല. താഴോട്ടും മുകളിലേയ്ക്കും പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ സ്വദര്‍ശന ചക്രം ഫൈനല്‍ സ്റ്റേജിന്‍റെ അടയാളമാണ്. ഇന്ന് നിങ്ങള്‍ സ്വദര്‍ശന ചക്രം കറക്കുകയും നാളെ നിങ്ങള്‍ വീണു പോകുകയുമാണെങ്കില്‍, നിങ്ങള്‍ക്കെങ്ങിനെ ഈ അലങ്കാരം നല്‍കാന്‍ സാധിക്കും? സ്വദര്‍ശന ചക്രമാണെങ്കില്‍ സ്ഥിരമായിരിക്കണം, അതുകൊണ്ടാണ് വിഷ്ണുവിനെ കാണിക്കുന്നത്. ഇത് വളരെ ഗുഹ്യമായ കാര്യമാണ്. എവിടെയെങ്കിലും വിഷ്ണുവിന്‍റെ ക്ഷേത്രമോ അല്ലെങ്കില്‍ ഏതെങ്കിലും സ്വദര്‍ശനചക്രധാരിയുടെ ക്ഷേത്രമോ ഉണ്ടെങ്കില്‍ നിങ്ങള്‍ക്ക് അവിടെ പോയി പറഞ്ഞുകൊടുക്കണം. കൃഷണ്നും സ്വദര്‍ശന ചക്രം നല്‍കിയിട്ടുണ്ട്. എന്നാല്‍ രാധാ-കൃഷ്ണന്മാരുടെ യുഗള്‍ രൂപത്തില്‍ സ്വദര്‍ശന ചക്രം കാണിക്കുന്നില്ല. സ്വദര്‍ശനചക്രധാരികള്‍ ബ്രാഹ്മണ കുലഭൂഷണരാണ്, ആരെയാണോ പരമപിതാ പരമാത്മാവ് സ്വദര്‍നചക്രധാരി അഥവാ ത്രികാല ദര്‍ശിയാക്കുന്നത്. അവര്‍ തന്നെ ദേവതയായി മാറുമ്പോള്‍ അവരെ ത്രിനേത്രിയെന്നോ, ത്രികാല ദര്‍ശിയെന്നോ, ത്രിലോകി നാഥനെന്നോ പറയാന്‍ കഴിയുകയില്ല കാരണം ഇപ്പോള്‍ നാം സ്വര്‍ഗ്ഗത്തിന്‍റെ ഏണിപ്പടി കയറിക്കൊണ്ടിരിക്കുകയാണ്. സത്യയുഗം മുതല്‍ക്ക് ഏണിപ്പടി ഇറങ്ങുകയാണ്. അവിടെ ഈ ജ്ഞാനമുണ്ടാകുകയില്ല. അവിടെ ഇതറിയുമായിരുന്നെങ്കില്‍ നിങ്ങള്‍ക്ക് രാജ്യം ഭരിക്കാന്‍ കഴിയുകയില്ല, കാരണം ചിന്തയുണ്ടായി

രിക്കും. അതുകൊണ്ട് ബാബ കുട്ടികൾക്ക് ധൈര്യം നൽകുകയാണ്, കുട്ടികളേ പേടിക്കരുത്. മായയുടെ മേൽ വിജയികളാകണം. മായയുടെ കൊടുങ്കാറ്റ് തീർച്ചയായും വരും, വിഘ്നങ്ങളുമുണ്ടാകും. ഇതിനുള്ള മരുന്നാണ്, യോഗത്തിലിരിക്കുകയെന്നത്. മായ യോഗത്തേയും മുറിക്കും. എന്നാൽ പുരുഷാർത്ഥം ചെയ്ത് യോഗത്തിലിരിക്കണം. ആരാണോ യോഗത്തിലിരിക്കുന്നത് അവരുടെ ആയുസ്സും വർദ്ധിക്കും. യോഗം കൊണ്ട് ആരോഗ്യത്തേയും ശരിയാക്കണം, അതുകൊണ്ട് ബാബ പറയുന്നു - യോഗി ഭവ. എന്നെ നിരന്തരമായി ഓർമ്മിക്കൂ. എത്രയും പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും സ്വർഗ്ഗത്തിൽ ഉയർന്ന പദവി പ്രാപ്തമാകും. ബാബ പറയുന്നു കുട്ടികളേ നിങ്ങൾ യോഗത്തിലിരിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശം നടക്കും. ബാക്കി കുറച്ചു സമയം മാത്രമേയുള്ളൂ. നിങ്ങൾ ഒരിക്കലും ഇങ്ങിനെ പറയുകയില്ല വേഗം വിനാശം വന്നാൽ നമുക്ക് സ്വർഗ്ഗത്തിൽ പോകാം, കാരണം ഈ ജീവിതം വളരെ ദുർലഭമാണ്. ഇപ്പോൾ ഈ ശരീരം വിട്ട് വേറൊരു ശരീരമെടുത്ത് നമുക്ക് പഠിക്കാൻ കഴിയണമെന്നില്ല. കുട്ടിക്കാല അവസ്ഥയിൽ തന്നെ ആയിരിക്കും, അപ്പോൾ വിനാശവും ആരംഭിക്കും. പ്രായപൂർത്തി പോലും ആകുകയില്ല, ഇതിൽ ചെറിയവരുടെയും വലിയവരുടെയും എല്ലാം വിനാശം നടക്കും. വേഗം മരിച്ചാൽ നല്ലതായിരുന്നു എന്ന് അവർ മാത്രമേ പറയൂ, ആരെയാണോ മായ വളരെ ശല്യപ്പെടുത്തുന്നത് അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള കർമ്മഭോഗങ്ങളുള്ളത്, അതിൽ നിന്നും മുക്തമാകാൻ ആഗ്രഹിക്കുന്നു. എന്നാൽ ഈ അവസരം പിന്നീടൊരിക്കലും ലഭിക്കുകയില്ല, അതുകൊണ്ട് പുരുഷാർത്ഥത്തിൽ മുഴുകിയിരിക്കൂ. ബാക്കി, സമയം വരുമ്പോൾ ആഗ്രഹമില്ലായെങ്കിലും എല്ലാവർക്കു പോകേണ്ടിവരും കാരണം ബാബ സർവ്വരേയും ആത്മീയ യാത്രയിൽ കൊണ്ടുപോകും. ഇങ്ങിനെയൊന്നുമില്ല കേവലം 10-20 ലക്ഷം പേരെ കൊണ്ടു പോകും. കുംഭമേളയിൽ 10-15 ലക്ഷം പോകുന്നു. ഇത് പരമാത്മമേളയാണ്. ബാബ സ്വയം വഴികാട്ടിയായി കൊണ്ടുപോകാൻ വേണ്ടി വന്നിരിക്കുകയാണ്, ബാബയുടെ കൂടെ കണക്കില്ലാത്ത രീതിയിൽ ആത്മാക്കൾ പോകും. എന്നാൽ ഇങ്ങിനെയുമില്ല എല്ലാവരും വേഗം പോകും. പ്രളയമുണ്ടാകുകയാണെങ്കിൽ ഈ ഭാരത ഭുഖണ്ഡം തന്നെയുണ്ടാകുകയില്ല. എന്നാൽ അങ്ങിനെയില്ല, ഭാരതം അവിനാശി ഭൂഖണ്ഡമാണ്. ഇവിടെ വളരെയധികം പേർ ബാക്കിയുണ്ടായിരിക്കും. പിന്നീട് സത്യയുഗത്തിൽ ഒരു സൂര്യവംശത്തിന്റെ രാജധാനി സ്ഥാപിതമാകും. കലിയുഗം വിനാശമായി സത്യയുഗം സ്ഥാപിതമാകുന്നതിന്റെ ഇടക്ക് കുറച്ചു സമയം ലഭിക്കുന്നു, ഇതിൽ കുറച്ചുപേർ ഉണ്ടായിരിക്കും അവർ പുതിയതായി തന്റെ രാജധാനിയുണ്ടാക്കും. ബാക്കി, പുരുഷാർത്ഥം ചെയ്യാൻ ഈ കുറച്ചു സമയം മാത്രമേയുള്ളൂ, ഇതിനെ മംഗളകാരി സംഗമയുഗമെന്നു പറയപ്പെടുന്നു. മറ്റുള്ള യുഗ സംഗമങ്ങളെ മംഗളകാരി സംഗമമെന്നു പറയുകയില്ല കാരണം താഴോട്ടിറങ്ങുകയാണ്. ഇപ്പോൾ സമ്പൂർണ്ണ സുഖത്തിൽ നിന്ന് സമ്പൂർണ്ണ ദുഃഖത്തിൽ വന്നിരിക്കുകയാണ്. മുൻപ് നമുക്ക് ഒന്നും അറിയുമായിരുന്നില്ല, അന്ധമായി എല്ലാവരുടേയും പൂജ ചെയ്തിരുന്നു. ഇപ്പോൾ ഓരോ പ്രകാരത്തിലുമുള്ള ശ്രീമതം ലഭിക്കുന്നു. വളരെ ചുരുക്കം പേർ മാത്രം ചെയ്യുന്ന ഈ വ്യാപാരവും അങ്ങിനെയുള്ളവർ മാത്രമാണ് ചെയ്യുക. അങ്ങിനെയുള്ള കല പഠിക്കണം. ഇതാണ് മനുഷ്യനെ ദേവതയാക്കിമാറ്റുന്ന കല. ഇതിൽ വളരെ ശ്രദ്ധ വെക്കണം. ബാബ ദിവസേന അമൃതവേളയിൽ വന്ന് പഠിപ്പിക്കുന്നു, ആ സമയത്ത് ബാബയുടെ മുന്നിൽ എല്ലാ സെന്ററുകളിലേയും കുട്ടികളുണ്ട്. ബാബ പറയുന്നു ഞാൻ നിങ്ങളെല്ലാ കുട്ടികളേയും ഓർമ്മിക്കുന്നു ഇതിൽ മായ എനിക്ക് യാതൊരു വിഘ്നങ്ങളും കൊണ്ടു വരുന്നില്ല. നിങ്ങൾ കുട്ടികൾ എന്നെ കുറച്ചു കുറച്ച് മറന്നുപോകുന്നു, മായ നിങ്ങൾക്ക് വിഘ്നം ഇടുന്നു. ചില കുട്ടികളെഴുതാറുണ്ട്, ബാബാ ഞങ്ങൾ കുട്ടികളെ മറക്കരുത്. എന്നാൽ ഞാൻ ഒരിക്കലും മറക്കുകയില്ല. എനിക്ക് എല്ലാവരേയും തിരികെ കൊണ്ടുപോകണം. ഞാൻ ദിവസേന സ്നേഹ സ്മരണകൾ നല്കുന്നു. കുട്ടികൾക്ക് സമ്പത്ത് അയച്ചുകൊടുക്കുന്നു. എല്ലാവരേയും വെല്ലുവിളിക്കുന്നു, ബാബയുടെ ശ്രീമതപ്രകാരം നടന്ന് പരിധിയില്ലാത്ത സമ്പത്തെടുക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ. ഇതിൽ അലസതയോ ഒഴിവുകഴിവുകൾ പറയുകയോ ചെയ്യരുത്. ചിലർ പറയുന്നു കർമ്മ ബന്ധനങ്ങളാണ്. അത് നിങ്ങളുടേതാണ്, ബാബ എന്ത് ചെയ്യാനാണ്. ബാബ പറയുന്നു - യോഗത്തിലിരിക്കൂ എങ്കിൽ കർമ്മ ബന്ധനങ്ങൾ മുറിഞ്ഞുപോകും. നിങ്ങളിൽ നിന്ന് വികർമ്മങ്ങളുണ്ടാകുകയില്ല. അരക്കല്പം നിങ്ങൾ വികർമ്മ മുക്തരായി മാറും. പിന്നീട് ഉയർന്ന പദവിയെടുക്കുന്നതിന് സേവനവും ചെയ്യണം. മമ്മയും ബാബയും എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. ചില ചില കുട്ടികളും നല്ല സേവനം ചെയ്യുന്നുണ്ട്. ആരെങ്കിലും നിങ്ങളോട് നിങ്ങളുടെ ലക്ഷ്യമെന്താണെന്ന് ചോദിക്കുകയാണെങ്കിൽ, കാർഡ് കയ്യിൽ കൊടുക്കൂ. അതിൽ നിന്ന് മനസ്സിലാക്കും ഇവർ ഏതു ജോലിയിലാണ് മുഴുകിയിരിക്കുന്നതെന്ന്. ഇത് വളരെ നല്ല ബിസിനസ്സാണ്. ഓരോരുത്തരുടേയും നാഡി നോക്കേണ്ടതുണ്ട്. ചക്രത്തെക്കുറിച്ച് പറഞ്ഞുകൊടുക്കുന്നതാണ് എറ്റവും നല്ലത്. ഏതു മനുഷ്യനായാലും ചക്രം കണ്ട് മനസ്സിലാക്കും തീർച്ചയായും ഇത് കലിയുഗമാണ്, ഇപ്പോൾ സത്യയുഗം വരാൻ പോകുകയാണ്. ക്രിസ്ത്യാനികൾക്കും പറഞ്ഞുകൊടുക്കാൻ കഴിയും ഇത് നരകമാണ്, ഇപ്പോൾ സ്വർഗ്ഗത്തിന്റെ സ്ഥാപന നടക്കാൻ പോകുകയാണ്. അത് തീർച്ചയായും *ഹെവൻലി ഗോഡ്*

*ഫാദർ* തന്നെയാണ് ചെയ്യുക. എന്നാൽ മനുഷ്യരുടെ ബുദ്ധി ഇത്രയും മലിനമായിരിക്കുകയാണ് സ്വയം നരകവാസിയാണെന്ന് അംഗീകരിക്കുന്നില്ല. പറയുന്നുമുണ്ട് ഇന്ന വ്യക്തി സ്വർഗ്ഗവാസിയായെന്ന്, എങ്കിൽ മനസ്സിലാക്കണമല്ലോ സ്വയം നരകത്തിലാണെന്ന്. ഇപ്പോൾ കലിയുഗമാണ്, പുനർജ്ജന്മവും തീർച്ചയായും കലിയുഗത്തിൽ തന്നെ എടുക്കും. എവിടെയാണ് സ്വർഗ്ഗം? ബാബ പറയുന്നു – ശ്മശാനത്തിൽ പോയി പറഞ്ഞുകൊടുക്കൂ. എന്നാൽ കുട്ടികൾ പെട്ടെന്ന് ക്ഷീണിച്ചു പോകുകയാണ്. പറഞ്ഞുകൊടുക്കണം ഇപ്പോൾ കലിയുഗമാണ്. സ്വർഗ്ഗത്തിൽ പുനർജ്ജന്മമെടുക്കാനാഗ്രഹിക്കുന്നുവെങ്കിൽ വന്ന് മനസ്സിലാക്കൂ. ഞങ്ങളും പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്, പിന്നീട് നരകം തന്നെയില്ലാതാകും. സ്വർഗ്ഗ ത്തിൽ പോകണമോ? അവിടെ വിഷം ലഭിക്കുകയില്ല. അതിനെ ഇവിടെത്തന്നെ ഉപേക്ഷിക്കേണ്ടി വരും. എങ്ങിനെ? അതിനുള്ള യുക്തികൾ ബാബ പറഞ്ഞുതരുന്നു.

നേപ്പാളിൽ വിജയാഷ്ടമി സമയത്ത് ചെറിയവരും വലിയവരുമെല്ലാം വേട്ടയാടാൻ പോകുന്നു. നിങ്ങൾക്കും എല്ലാവർക്കും പറഞ്ഞുകൊടുക്കണം, ഓരോ വീടുകളിലും ശിവന്റേയും ലക്ഷ്മീ–നാരായണന്റേയും ചിത്രം തീർച്ചയായും ഉണ്ടായിരിക്കണം. വേലക്കാരോടും മറ്റും പറഞ്ഞുകൊടുക്കണം ഇപ്പോൾ മരണം തൊട്ടു മുന്നിലാണ്. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ സമ്പത്തെടുക്കാൻ കഴിയും. ബാബ എല്ലാവരുടേയും സ്വർഗ്ഗത്തിൽ പോകാനുള്ള ആഗ്രഹം പൂർത്തികരിച്ചുകൊടുക്കുന്നു. യോഗം ചെയ്യുകയാണെങ്കിൽ ബാബ സാക്ഷാത്ക്കാരവും ചെയ്യിപ്പിക്കുന്നു. ബാബ മംഗളകാരിയാണ്, കുട്ടികൾക്കും മംഗളകാരികളായി മാറ ണം. ദരിദ്രരാണ് തന്റെ മംഗളം ചെയ്യുന്നത്. സമ്പന്നർ വളരെ വിരളമാണ് ചെയ്യുന്നത്. പ്രശസ്തരായ സന്യാസിമാരും അവസാനമേ വരികയുള്ളൂ. ഇപ്പോൾ അധികവും സാധാരണക്കാരും ദരിദ്രരുമാണ് ജ്ഞാനമെടുക്കുന്നത്. ബാബയും സാധാരണ ശരീരത്തിലാണ് വരുന്നത്, ദരിദ്ര ശരീരത്തിലല്ല. ഇദ്ദേ ഹവും ദരിദ്രനായിരുന്നെങ്കിൽ ഒന്നും ചെയ്യാൻ കഴിയില്ല. ദരിദ്രർക്ക് എങ്ങിനെ ഇത്രയും പേരെ സംരക്ഷി ക്കാൻ കഴിയും! നോക്കൂ, എങ്ങിനെയാണ് യുക്തിയെന്ന്. സാധാരണക്കാർ തന്നെയാണ് സമർപ്പിതമാകു ന്നതും മറ്റെല്ലാവരേയും സംരക്ഷിക്കുന്നതും. ഇദ്ദേഹത്തിനോടൊപ്പം പലരും ബലിയർപ്പണം ചെയ്ത് അവകാശികളായിമാറിയിട്ടുണ്ട്. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ ലഭിച്ച മധുര–മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:–

1) ബാബ പഠിപ്പിച്ചു തന്ന മനുഷ്യനിൽ നിന്ന് ദേവതയാക്കി മാറ്റുന്നതിനുള്ള കലയിൽ മുഴുകിയിരിക്കണം.

2) ശ്രീമതപ്രകാരം നടക്കുന്നതിൽ അലതസയോ ഒഴിവുകഴിവുകളോ പറയരുത്. കർമ്മ ബന്ധനങ്ങളിൽ നിന്ന് മുക്തമാകുന്നതിന് ബാബയുടെ ഓർമ്മയിലിരിക്കണം.

## വരദാനം:– ശ്രേഷ്ഠ കർമ്മധാരിയായി ഉയർന്ന ഭാഗ്യമുണ്ടാക്കുന്ന കോടാനുകോടി ഭാഗ്യശാലിയായി ഭവിക്കൂ

ആർക്ക് എത്രത്തോളമാണോ ശ്രേഷ്ഠ ക്രർമ്മമുള്ളത് അവരുടെ ഭാഗ്യത്തിന്റ രേഖ അത്രയും സ്പഷ്ടവും ദൈർഘ്യമേറിയതുമായിരിക്കും. ഭാഗ്യമുണ്ടാക്കുന്നതിനുള്ള സാധന തന്നെ ശ്രേഷ്ഠ കർമ്മമാണ്. അതുകൊണ്ട് ശ്രേഷ്ഠ ക്രർമ്മധാരിയാകൂ അങ്ങനെ കോടാനുകോടി ഭാഗ്യശാലിയുടെ ഭാഗ്യം പ്രാപ്തമാക്കൂ. എന്നാൽ ശ്രേഷ്ഠ കർമ്മത്തിന്റെ ആധാരമാണ് ശ്രേഷ്ഠ സ്മൃതി. ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ ബാബയുടെ സ്മൃതിയിൽ കഴിയുന്നതിലൂടെ തന്നെ ശ്രഷ്ഠ കർമ്മമുണ്ടാകും അതുകൊണ്ട് എത്ര ആഗ്രഹിക്കുന്നോ അത്രയും വലിയ ഭാഗ്യത്തിന്റെ രേഖ വരയ്ക്കൂ. ഈ ഒരു ജന്മത്തിൽ അനേക ജന്മങ്ങളിലേക്കുള്ള ഭാഗ്യമുണ്ടാകും.

## സ്ലോഗൻ:– തന്റെ സന്തുഷ്ടതയുടെ വ്യക്തിത്വത്തിലൂടെ അനേകരെ സന്തുഷ്ടമാക്കുന്നത് തന്നെയാണ് സന്തുഷ്ടമണിയാകുന്നത്.

## മതേശ്വരിജിയുടെ അമൂല്യമായ മഹാവാക്യം

1) മനുഷ്യർ ഗീതം പാടുന്നു – അല്ലയോ ഗീതയുടെ ഭഗവാനേ, അങ്ങ് വന്ന് അങ്ങയുടെ വാഗ്ദാനം നിറവേറ്റിയാലും. ഇപ്പോൾ ആ ഗീതയുടെ ഭഗവാൻ സ്വയം തന്റെ കല്പം മുമ്പത്തെ വാക്ക് പാലിക്കുന്നതിനു വേണ്ടി വന്നിരിക്കുകയാണ്, വന്ന് പറയുന്നു അല്ലയോ കുട്ടികളേ, എപ്പോൾ ഭാരതത്തിൽ അതി ധർമ്മ ഗ്ലാനി നടക്കുന്നുവോ അപ്പോൾ ഞാൻ ഈ സമയം തന്റെ വാഗ്ദാനം പൂർത്തികരിക്കാൻ വേണ്ടി തീർച്ചയായും വരുന്നു. എല്ലായുഗങ്ങളിലും ധർമ്മഗ്ലാനി സംഭവിക്കുന്നില്ല, ധർമ്മഗ്ലാനി സംഭവിക്കുന്നത് കലിയുഗത്തിലാണ്, അതുകൊണ്ട് മനസ്സിലാക്കൂ പരമാത്മാവ് കലിയുഗത്തിലാണ് വരുന്നതെന്ന്. കല്പ–കല്പം കലിയുഗം വരുന്നു, ഞാനും കല്പ–കല്പം വരുന്നു. കല്പത്തിലാണെങ്കിൽ നാലുയുഗങ്ങളുണ്ട്, ഇതിനെയാണ് കല്പമെന്നു പറയുന്നത്. അരക്കല്പം സത്യ–ത്രേതയിൽ സതോഗുണി സതോപ്രധാനമായിരുന്നു, അവിടെ പരമാത്മാവിന് വരേണ്ട ആവശ്യമില്ല. പിന്നെ ദ്വാപരയുഗം മുതൽ മറ്റ് ധർമ്മങ്ങൾ വരാൻ തുടങ്ങുന്നു, ആ സമയത്തും അതി ധർമ്മഗ്ലാനിയില്ല, ഇതിൽ നിന്ന് വ്യക്തമാണ് പരമാത്മാവ് മൂന്ന് യുഗങ്ങളിലും വരുന്നില്ല. ബാക്കിയുള്ളതാണ് കലിയുഗം, അതിന്റെ അവസാന സമയമാണ് അതി ധർമ്മഗ്ലാനി സംഭവിക്കുന്നത്. ആ സമയത്ത് പരമാത്മാവ് വന്ന് അധർമ്മം വിനാശം ചെയ്ത് സത്യ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു. ദ്വാപരത്തിൽ വന്നിരുന്നുവെങ്കിൽ ഇപ്പോൾ സത്യയുഗമുണ്ടാകേണ്ടതാണ്, പിന്നെ എന്തുകൊണ്ട് കലിയുഗം? ഇങ്ങിനെ ഒരിക്കലുമില്ല പരമാത്മാവ് ഘോരകലിയുഗത്തിന്റെ സ്ഥാപന നിർവ്വഹിച്ചു, ഇങ്ങിനെ ഒരിക്കലുമില്ല, അതുകൊണ്ട് പരമാത്മാവ് പറയുന്നു – ഞാൻ ഒന്നാണ്, ഒരേയൊരു പ്രാവശ്യം മാത്രം വന്നാണ് അധർമ്മത്തിന്റെ വിനാശം ചെയ്ത്, കലിയുഗത്തിന്റെ വിനാശം ചെയ്ത് സത്യയുഗത്തിന്റെ സ്ഥാപന ചെയ്യുന്നത്, അതിനാൽ ഞാൻ വരുന്ന സമയം സംഗമയുഗമാണ്.

2) നമുക്കിപ്പോൾ അറിയാം മനുഷ്യാത്മാക്കൾക്ക് ഭാഗ്യമുണ്ടാക്കിത്തരുന്നതാരാണ്? ഭാഗ്യം കേടുവരുത്തുന്നതാരാണ്? നമ്മളിങ്ങിനെ പറയുകയില്ല ഭാഗ്യമുണ്ടാക്കിത്തരുന്നതും കേടുവരുത്തുന്നതും പരമാത്മാവാണെന്ന്. എന്നാൽ തീർച്ചയായും ഭാഗ്യമുണ്ടാക്കിത്തരുന്നത് പരമാത്മാവാണ്, കേടുവരുത്തുന്നത് മനുഷ്യർ സ്വയമാണ്. ഈ ഭാഗ്യമെങ്ങിനെയാണുണ്ടായത്? ഇത് വ്യക്തമാക്കിത്തരാം. മനുഷ്യരെപ്പോഴാണോ സ്വയത്തെ മനസ്സിലാക്കുന്നത്, അപ്പോൾ കേടുവന്ന ഭാഗ്യം വീണ്ടും ശരിയാകുന്നു. നമ്മളെപ്പോഴാണോ പറയുന്നത് ഭാഗ്യം കേടുവന്നിരിക്കുകയാണ്, ഇതിൽ നിന്ന് വ്യക്തമാണ് ഏതോ ഒരു സമയത്ത് ഭാഗ്യം ഉണ്ടാക്കിയിരുന്നു, അതാണ് ഇപ്പോൾ കേടുവന്നിരിക്കുന്നത്. ഇപ്പോൾ ആ കേടുവന്ന ഭാഗ്യത്തെയാണ് പരമാത്മാവ് സ്വയം വന്ന് ശരിയാക്കിത്തരുന്നത്. ഇപ്പോൾ ആരെങ്കിലും പറഞ്ഞേക്കാം പരമാത്മാവ് സ്വയം നിരാകാരനാണ്, അദ്ദേഹം എങ്ങിനെ ഭാഗ്യത്തെ ശരിയാക്കും? ഇതാണ് മനസ്സിലാക്കിത്തരുന്നത് എങ്ങിനെയാണ് നിരാകാരനായ പരമപിതാ പരമാത്മാവ് സാകാര ബ്രഹ്മാവിന്റെ ശരീരത്തിലൂടെ, അവിനാശി ജ്ഞാനത്തിലൂടെ നമ്മുടെ കേടുവന്നിരിക്കുന്ന ഭാഗ്യത്തെ ശരിയാക്കുന്നത്. ഈ ജ്ഞാനം നൽകുകയെന്നത് പരമാത്മാവിന്റെ മാത്രം കർത്തവ്യമാണ്, മറ്റൊരു മനുഷ്യനും അന്യോന്യം ഭാഗ്യമുണർത്താൻ കഴിയുകയില്ല. ഭാഗ്യം തെളിയിച്ചു തരുന്നത് ഒരേയൊരു പരമാത്മാവാണ്, അതുകൊണ്ടാണ് അവരുടെ ക്ഷേത്രങ്ങൾ നിലകൊള്ളുന്നത്. ശരി. ഓം ശാന്തി.